Janayugom 09-10-18, P-2

# ജില്ലയിൽ മൂന്ന് വർഷത്തിനകം 200 ഹെക്ടർ ജൈവകൃഷി

തൃശൂർ: ജില്ലയിൽ 200 ഹെക്ടർ സ്ഥലത്ത് മൂന്ന് വർഷത്തിനകം പൂർണമായും ജൈവകൃഷി വ്യാപനത്തിന് പരമ്പരാഗത കൃഷി വികാസ് യോജന ലക്ഷ്യമിടുന്നു. ചങ്ങാലിക്കോടൻ വാഴ, ആനക്കോടൻ നെല്ല്, പൊട്ടുവെള്ളരി, മൻക്കൊടി വാഴ, തെങ്ങ് തുടങ്ങിയവയുൾപ്പെടെ പൂർണമായ ജൈവകൃഷി വ്യാപനമാണ് സമിതി ലക്ഷ്യമിടുന്നത്.

ജില്ലാ കളക്ടർ ടി വി അനുപമ ചെയർമാനായ പരമ്പരാഗത കൃഷി വികാസ് യോജനയുടെ ജില്ലാതല നിർവ്വാഹക സമിതിയുടെ പ്രഥമയോഗം ജില്ലാ കളക്ടറുടെ ചേമ്പറിൽ ചേർന്നു. പച്ചക്കറി കൃഷികൂടെ കുടുതലായി ഉൾപ്പെടുത്തണമെന്ന് യോഗത്തിൽ അഭിപ്രായമുയർന്നു. പ്രളയമുണ്ടായ സാഹചര്യത്തിൽ നേരത്തെ പദ്ധതിക്കായി സർവെ നടന്ന കൃഷിയിടങ്ങളുടെ ഇപ്പോഴത്തെ അവസ്ഥ പഠിച്ച് വേണം പദ്ധതി രൂപീകരണം നടത്തണമെന്നും സമിതി അംഗങ്ങൾ നിർദ്ദേശിച്ചു.

പുന്നിയൂർ മേഖലയിലെ കുട്ടാടൻ നെൽകൃഷി പദ്ധതിയുടെ ഭാഗമാക്കണമെന്നും അഭിപ്രായമുയർന്നു.

ജില്ലയിൽ 110 ക്ലസറ്റുകളിലായി ജൈവകൃഷി വ്യാപനമാണ് ലക്ഷ്യം. ക്ലാസ്സുകൾ സംബന്ധിച്ച് തുടർചർച്ചകൾ നടത്തും. പ്രാദേശിക തലത്തിൽ യോഗം ചേരാനും മറ്റു വകുപ്പുകളുമായി സഹകരിക്കുന്നതു സംബന്ധിച്ച് ചർച്ച ചെയ്യാനും യോഗം തീരുമാനിച്ചു. ജൈവകാർഷികോൽപന്നങ്ങളുടെ വിപണനവും പദ്ധതിയുടെ ഭാഗമായി നടപ്പാക്കണമെന്നും അംഗങ്ങൾ നിർദ്ദേശിച്ചു.

പ്രിൻസിപ്പൽ അഗ്രികൾച്ചറൽ ഓഫീസർ എ കല, ഡോ. വി കെ മിനി, അഗ്രികൾച്ചറൽ ഡെപ്യൂട്ടി ഡയറക്ടർമാരായ മീന കോശി, ഡോ. എം കെ പ്രദീപ് കുമാർ, ഡയറി ഡെപ്യൂട്ടി ഡയറക്ടർ രവീന്ദ്രൻ, മണ്ണ് സംരക്ഷണ ഓഫീസർ പി ഡി സിന്ധു, അസിസ്റ്റന്റ് ഡവലപ്പ്മെന്റ് കമ്മീഷണർ (ജനറൽ) എൻ അയന, കാർഷിക സർവകലാശാല പ്രൊഫ. കെ ഇ ഉഷ, അസിസ്റ്റന്റ് ഇൻഫർമേഷൻ ഓഫീസർ ബിജു ആർ എന്നിവർ പങ്കെടുത്തു.